**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1182** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ തീരദേശ, ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ ക്ഷേമത്തിനായും ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന വികസന ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**<br><br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br><br>2.തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.<br><br>3. പുനർഗേഹം പദ്ധതി<br><br>4. വിദ്യാഭ്യാസ സഹായ പദ്ധതികൾ<br><br>5. വിദ്യാതീരം പദ്ധതി<br><br>6. തീരോന്നതി പദ്ധതി<br><br>i. സാന്ത്വനതീരം പദ്ധതി<br><br>ii. മെഡിക്കൽ ക്യാമ്പ്<br><br>iii. ആന്റി ഡ്രഗ് ക്യാമ്പയിൻ<br><br>iv. ബോധവൽക്കരണ ക്യാമ്പ്<br><br>7.മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി പദ്ധതി<br><br>8. മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ അനുവദിക്കുന്ന പദ്ധതികൾ. |

9.മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം

10.പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് കവറേജ്.

11. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ

12.പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി.

13. കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതികൾ

14. സീ റാഞ്ചിംഗ് പദ്ധതി

15.രക്ഷാപ്രവർത്തനങ്ങൾക്കായി മറൈൻ ആമ്പലൻസുകൾ

16.ഹാർബറുകളിൽ CCTV ക്യാമറകളും 3 ഹാർബറുകളിൽ LED ബോർഡുകളും

17.മത്സ്യത്തൊഴിലാളികൾക്ക് ആശയവിനിമയത്തിന് ട്രാൻസ്പോണ്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി.

18. നാല് പുതിയ ഫിഷറീസ് സ്റ്റേഷനുകളും ഫിഷറീസ് സ്റ്റേഷനുകളുടെ ആധുനീകവൽക്കരണവും രക്ഷാപ്രവർത്തനത്തിന് സീ റെസ്ക്യൂ സ്ക്വാഡുകളും

19.മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എൻഡ് വിതരണം ചെയ്യുന്ന പദ്ധതി

20. ഓഖി പുനരധിവാസ പദ്ധതികൾ.

i. ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം

ii. സൗജന്യ ലൈഫ് ജാക്കറ്റ് വിതരണം

iii. നാവിക് ഉപകരണങ്ങൾ നൽകൽ

iv. സാറ്റലൈറ്റ് ഫോൺ നൽകൽ

v. ഹാർബർ സുരക്ഷാ സ്ക്വാഡ് രൂപീകരണം

vi. സബ്സിഡി നിരക്കിൽ FRP ബോട്ട് നൽകുന്ന പദ്ധതി

vii. ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും

**<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.</u>**

1) ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

2)മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

3) പെൺമക്കളുടെ വിവാഹ ധനസഹായ പദ്ധതി

4)മത്സ്യത്തൊഴിലാളികൾക്ക് ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

5) വാർദ്ധക്യകാല പെൻഷൻ

6)അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി

7)മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

8)എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്

9) കുടുംബ സംവിധാന പദ്ധതി

10) മാരക രോഗ ചികിത്സാ പദ്ധതി

11) ചെയർമാൻസ് റിലീഫ് ഫണ്ട്

12) പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി

13) ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

14)വിധവ പെൻഷൻ പദ്ധതി

15) കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി

16) ബോർഡിന്റെ പ്രത്യേക ധനസഹായം

17) പ്രത്യേക പദ്ധതി - തണൽ

**<u>മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ.</u>**

1.ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)

2.ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ ദേശീയധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ

a. ടേം വായ്പകൾ

b. മൈക്രോഫിനാൻസ് വായ്പ

c.മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പ പദ്ധതി

3.ലോൺ ഡിസ്ലൂസ് റിലീഫ് സ്കീം (LDRS)

4.വലകൾക്കുള്ള സബ്സിഡി പദ്ധതി

5.നാടൻ വള്ളങ്ങളുടെ നവീകരണം

6.മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

7.മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)

8.ബ്ലൂ റവല്യൂഷൻ / പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി (PMMSY)

9.മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി

10.മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി

11. മത്സ്യത്തൊഴിലാളി ക്ഷേമനിധി

12.മത്സ്യത്തൊഴിലാളികളുടെ വായ്പയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

13. മത്സ്യവിപണനം

**<u>സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.</u>**

സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമെൻ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി വനിതകളുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1.ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro

Enterprises )

| | | | |
|---|---|---|---|
| | | | 2. JLG project for Ensuring Livelihood Security of Fisher women in Kerala<br><br>3.തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്<br><br>4. സ്നേഹതീരം പദ്ധതി<br><br>5. Model Peeling Unit<br><br>**കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.**<br><br>മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2008 ഡിസംബർ 31 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്കെടുത്തിട്ടുള്ള വായ്പകളാണ് കടാശ്വാസത്തിന് പരിഗണിക്കുന്നത്.<br><br>**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ**<br><br>സംസ്ഥാനത്ത് തീരദേശ, ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാന ബഡ്ജറ്റ് ഫണ്ടുപയോഗിച്ച് ആരോഗ്യ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനങ്ങൾ, മത്സ്യ ഹാച്ചറി വികസനം, അംഗൻവാടി നിർമ്മാണം, ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം, മത്സ്യ മാർക്കറ്റ് നിർമ്മാണം എന്നിവ ഏറ്റെടുത്ത് പൂർത്തീകരിച്ചു വരുന്നു. ഇതോടൊപ്പം തന്നെ കിഫ്ബിയുടെ അംഗീകാരം ലഭ്യമായ ഹാർബർ നിർമ്മാണം, തീരസംരക്ഷണ പ്രവർത്തികൾ, വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, മത്സ്യ മാർക്കറ്റ് നിർമ്മാണ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു.<br><br>**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**<br><br>സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തുറമുഖങ്ങളുടെ നിർമ്മാണം, പരിപാലനം എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കി വരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നിർമ്മിച്ച 25 ഹാർബറുകളാണ് ഉള്ളത്. |

| | | | |
|---|---|---|---|
| (ബി) | വിവിധ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പരിഷ്കരണങ്ങൾ ക്ഷേമ പദ്ധതികൾ സംബന്ധിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>1)മത്സ്യത്തൊഴിലാളികൾക്ക് നടപ്പിലാക്കിയിരുന്ന 3 പദ്ധതികളുടെ ധനസഹായ നിരക്ക് ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>a.മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് അനുവദിച്ചിരുന്ന ധനസഹായതുക 50,000/- രൂപയിൽ നിന്നും 1,00,000/- രൂപയായി വർദ്ധിപ്പിച്ചു.<br><br>b.മത്സ്യ, അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായ തുക 10,000/- രൂപയിൽ നിന്നും 25,000/- രൂപയായി വർദ്ധിപ്പിച്ചു.<br><br>c.മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് അനുവദിച്ചിരുന്ന ധനസഹായം 600/- രൂപയിൽ നിന്നും 2000/- രൂപയായി വർദ്ധിപ്പിച്ചു.<br><br>2)മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമായി 14 പദ്ധതികൾ കൂടി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി.<br><br>3)മത്സ്യത്തൊഴിലാളികൾക്ക് മാത്രം അനുവദിച്ചിരുന്ന 6 പദ്ധതികൾ അനുബന്ധ ത്തൊഴിലാളികൾക്കുകൂടി ബാധകമാക്കി.<br><br>I.തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നതിനിടിയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണം- പരമാവധി 1,00,000/- രൂപ ധനസഹായം.<br><br>II.ആശ്രിതരുടെ മരണത്തോടനുബന്ധിച്ച് ചെലവുകളിലേക്കുള്ള ധനസഹായം-2000 രൂപ<br><br>III.അപകടം മൂലം ഉണ്ടാവുന്ന താൽക്കാലിക അവശത- 500/- രൂപ<br><br>IV. ചെയർമാൻസ് റിലീഫ് ഫണ്ട്- 5000/- രൂപ<br><br>V.കായിക വിനോദ മത്സരങ്ങളിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി- 10000/- രൂപ<br><br>VI.പെൺമക്കളുടെ വിവാഹധനസഹായം- 25000/- രൂപ (മത്സ്യത്തൊഴിലാളിയുടെ 2 പെൺകുട്ടികൾക്ക് ആനുകൂല്യം ലഭിക്കുമ്പോൾ |

അനുബന്ധത്തൊഴിലാളിയുടെ 1 പെൺകുട്ടിക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചിരുന്നത്. അത് മാറി അനുബന്ധത്തൊഴിലാളിയുടെ 2പെൺമക്കൾക്ക് വിവാഹ ധനസഹായം ലഭ്യമാക്കി)

4)മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങളുടെ നിധി കണക്കിൽ ചേർത്തിരിക്കുന്ന തുകയ്ക്ക് ആനുപാതികമായ നിശ്ചിത സംഖ്യക്ക് അംഗങ്ങൾക്ക് അവകാശമുണ്ടായിരിക്കും എന്ന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റ്-1985, വകുപ്പ് (5) അനുസരിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും, ചില സാങ്കേതിക കാരണങ്ങളാൽ ഈ ആനുകൂല്യം നൽകിയിരുന്നില്ല. മത്സ്യബോർഡിന്റെ 40 വർഷത്തെ പ്രവർത്തനക്കാലയളവിൽ ആദ്യമായി, അംഗങ്ങളുടെ വിരമിക്കൽ ആനുകൂല്യം നടപ്പിലാക്കി. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കുറഞ്ഞത് 2500/- രൂപ വിരമിക്കൽ ആനുകൂല്യമായി നൽകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ 14 പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ മത്സ്യലേലത്തിൽ സഹകരിക്കുന്ന മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് ഉപകരണ വായ്പയുടെ പരിധി 25 ലക്ഷം രൂപയിൽ നിന്നും 40 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുക വഴി മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകളാകുന്നതിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നു. പരിഷ്കരിച്ച ഔട്ട് ബോർഡ് എഞ്ചിൻ, വല എന്നിവ ഉപയോഗിച്ച് കൂടുതൽ മത്സ്യം ലഭ്യമാക്കുന്നതിനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്നു. 26/07/2025–ലെ സ.ഉ(സാധാ)നം. 544/2025/മതുവ ഉത്തരവ് പ്രകാരം മണ്ണെണ്ണ എഞ്ചിനിൽ നിന്നും പെട്രോൾ എഞ്ചിനിലേയ്ക്ക് മാറുന്ന പെർമിറ്റുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കാത്ത വിധത്തിൽ നിലവിൽ മണ്ണെണ്ണ സബ്സിഡി നൽകിവരുന്ന അതേ നിരക്കിലും (Rs.25/ltr) അതേ അളവിലും പെട്രോൾ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്ത് മണ്ണെണ്ണ ഉപയോഗം കുറയ്ക്കുവാനായി നിലവിൽ ഉപയോഗിച്ചു വരുന്ന മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പകരം പെട്രോൾ എഞ്ചിൻ ആക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം മണ്ണെണ്ണ എഞ്ചിൻ മാറ്റി പെട്രോൾ എഞ്ചിൻ വാങ്ങുന്നതിനായി 50% സബ്സിഡി (പരമാവധി 50,000/- രൂപ വരെ)

| | | | |
|---|---|---|---|
| | | | പദ്ധതിയിലൂടെ നൽകുന്നു. കൂടാതെ മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം എൽ.പി.ജി എഞ്ചിൻ ആക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.<br><br>**മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി**<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2025-26 പദ്ധതി പ്രകാരം 509/- രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയിൽ അപകടം മൂലമുള്ള ആശുപത്രി ചിലവിനത്തിൽ 1 ലക്ഷം രൂപ വരെയും, മരണാനന്തര ചടങ്ങുകൾക്കായി 5000/-രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000/- രൂപ (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. (പരമാവധി 10 ലക്ഷം).<br><br>**വിദ്യാഭ്യാസ അവാർഡ് 'മികവ്'**<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് (ക്യാഷ് അവാർഡും, സ്മരണികയും) നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ 14 പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ (മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും)**

| ക്രമ നമ്പർ | പദ്ധതി | ധനസഹായ തുക (രൂപ) |
|---|---|---|
| 1 | അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം | 25,000/-രൂപ |
| 2 | 60 വയസ്സ് കഴിഞ്ഞവരെ (പെൻഷണർമാരെ) ആദരിക്കുന്നതിനുള്ള പദ്ധതി | 10,000/-രൂപ വീതം (54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 3 | പ്രതിഭകളെ ആദരിക്കുന്ന പദ്ധതി | 40,000/-രൂപ (14 ജില്ലകൾക്കും) |
| 4 | ചെയർമാന്റെ ദുരിതാശ്വാസ നിധി | 25,000 /-രൂപ (പരമാവധി) |
| 5 | ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ. | ബോർഡ് തീരുമാന പ്രകാരം |
| 6 | സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി. | 1,00,000/-രൂപ |
| 7 | ക്ഷേമനിധി അംഗങ്ങളുടെ ഭാര്യയ്ക്കും ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിൽസാ സഹായം നൽകുന്നതിനുള്ള പദ്ധതി | 25,000/-രൂപ |
| 8 | ഗ്രന്ഥശാല/ വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി | 20,000 /-രൂപ ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 9 | മത്സ്യബോർഡിന് വേണ്ടി രക്ഷാസേന രൂപീകരിക്കൽ | 5,000/- രൂപ ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 10 | മത്സ്യഅനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി | 15,000/-രൂപ ( 14 ജില്ലകൾക്ക്) |
| 11 | മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി | 1,00,000/-രൂപ (പരമാവധി) |
| 12 | കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി | 50,000/-രൂപ |
| 13 | അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവിനായി ധന സഹായം നൽകുന്ന പദ്ധതി | 1,00,000/-രൂപ |
| 14 | യൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ, ബിരുദാനന്തര | ഒന്നാം റാങ്ക് 10,000/- |

| | | |
|---|---|---|
| | പരീക്ഷകളിൽ ഒന്ന്, രണ്ട്, മൂന്ന് റാങ്ക് നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി | രൂപ<br>രണ്ടാം റാങ്ക് 9000/- രൂപ<br>മൂന്നാം റാങ്ക് 8000/- രൂപ |